# മഹാത്മാ ഗാന്ധി സർവ്വകലാശാല


## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 ഡിസംബർ 11

# വാർത്താക്കുറിപ്പ്

## ക്രിസ്മസ് അവധി പുനഃക്രമീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലെ ക്രിസ്മസ് അവധി ഡിസംബർ 21 മുതൽ 30 വരെയായി പുനഃക്രമീകരിച്ചു. അവധിക്കുശേഷം ഡിസംബർ 31 മുതൽ കോളേജുകൾ തുറന്നുപ്രവർത്തിക്കും.

(പി.ആർ.ഒ/39/2177/2019)

## എം.ജി. പഠനവകുപ്പുകളിൽ
## എം.ഫിൽ പ്രവേശനം; അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിൽ എം.ഫിൽ പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ്, ബയോസയൻസസ്, കെമിക്കൽ സയൻസസ്, എൻവയോൺമെന്റൽ സയൻസസ്, പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സ്, ലെറ്റേഴ്സ്, ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ്, ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ്, സോഷ്യൽ സയൻസസ്, പെഡഗോഗിക്കൽ സയൻസസ്, മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസ്, കമ്പ്യൂട്ടർ സയൻസസ് എന്നീ പഠനവകുപ്പുകളിലെ വിവിധ എം.ഫിൽ പ്രോഗ്രാമുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്. അപേക്ഷഫോമും വിജ്ഞാപനവും www.mgu.ac.in എന്ന വെബ്സൈറ്റിൽനിന്ന് ഡൗൺലോഡ് ചെയ്യാം. 800 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് രജിസ്ട്രേഷൻ ഫീസിന്റെ 50 ശതമാനം അടച്ചാൽ മതി. ഇ-പേയ്മെന്റിലൂടെയാണ് ഫീസടയ്ക്കേണ്ടത്.

ഒരു പഠനവകുപ്പിലെ ഒന്നിലധികം പ്രോഗ്രാമിലേക്ക് അപേക്ഷിക്കുന്നവർ പ്രോഗ്രാമുകളുടെ മുൻഗണന രേഖപ്പെടുത്തി ഒരു അപേക്ഷ നൽകിയാൽ മതി. അവസാനവർഷ പരീക്ഷയുടെ ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. ഇവർ അന്തിമ റാങ്ക് പട്ടിക തയാറാക്കുന്നതിനു മുമ്പ് മാർക്ക്ലിസ്റ്റുകൾ സമർപ്പിക്കണം. അപേക്ഷയോടൊപ്പം അപേക്ഷകന്റെ മേൽവിലാസമെഴുതിയ അഞ്ചുരൂപയുടെ സ്റ്റാമ്പൊട്ടിച്ച കവർ കൂടി സമർപ്പിക്കണം. രജിസ്ട്രേഷൻ ഫീസിന്റെ ഇ-പേയ്മെന്റ് രസീതും ബന്ധപ്പെട്ട രേഖകളും സഹിതം പൂരിപ്പിച്ച അപേക്ഷ ജനുവരി 16നകം ബന്ധപ്പെട്ട പഠനവകുപ്പിലെ ഡയറക്ടർക്ക് സമർപ്പിക്കണം. അപേക്ഷിക്കുന്ന പ്രോഗ്രാമിന്റെ പേരും പഠനവകുപ്പിന്റെ പേരും അപേക്ഷ സമർപ്പിക്കുന്ന കവറിന്റെ പുറത്ത് എഴുതണം. വിവിധ പ്രോഗ്രാമുകളിലേക്കുള്ള യോഗ്യത, സീറ്റുകൾ, സംവരണം, പ്രവേശനരീതി എന്നിവയടക്കം വിശദവിവരം www.mgu.ac.in എന്ന വെബ്സൈറ്റിലെ 'അഡ്മിഷൻസ്' വിഭാഗത്തിലെ 'എം.ഫിൽ' എന്ന ലിങ്കിൽ ലഭിക്കും. ഫോൺ: സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് - 0481-2731034, ബയോസയൻസസ് - 0481-2731035, കെമിക്കൽ സയൻസസ് - 0481-2731036, എൻവയോൺമെന്റൽ സയൻസസ് - 0481-2732120, 2620, പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സ് - 0481-2731043, ലെറ്റേഴ്സ് - 0481-2731041, ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് - 0481-2731039, ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് - 0481-2731040, സോഷ്യൽ സയൻസസ് - 0481-2392383, പെഡഗോഗിക്കൽ സയൻസസ് - 0481-2731042, മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസ് - 0481-2732288, കമ്പ്യൂട്ടർ സയൻസസ് - 0481-2731037.

(പി.ആർ.ഒ/39/2178/2019)

## പരീക്ഷഫലം

2019 ജൂണിൽ എറണാകുളം ഗവൺമെന്റ് ലോ കോളേജിൽ നടന്ന അഞ്ചാം സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സരം- 2007-2010 അഡ്മിഷൻ സപ്ലിമെന്ററി, 2006 അഡ്മിഷൻ ആദ്യ മേഴ്സി

ചാൻസ്/2006ന് മുമ്പുള്ള അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 24 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2179/2019)

2019 ഫെബ്രുവരിയിൽ നടന്ന മൂന്നാം വർഷ ബാച്ചിലർ ഓഫ് ഫിസിയോതെറാപ്പി (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 24 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2180/2019)

2019 ഓഗസ്റ്റിൽ സ്കൂൾ ഓഫ് ബയോസയൻസസിൽ നടന്ന ഒന്നാം സെമസ്റ്റർ എം.ഫിൽ ബയോസയൻസസ് (2018-2019 - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/2181/2019)

2019 ഓഗസ്റ്റിൽ സ്കൂൾ ഓഫ് ബയോസയൻസസിൽ നടന്ന പി.എച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/2182/2019)

## സോഫ്റ്റ്‌വെയർ ഡെവലപ്പർ താല്ക്കാലിക നിയമനം; വോക്-ഇൻ-ഇന്റർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാലയിൽ സോഫ്റ്റ്‌വെയർ ഡെവലപ്പർ തസ്തികയിലേക്ക് താൽക്കാലിക കരാറടിസ്ഥാനത്തിൽ നിയോഗിക്കുന്നതിനായി വോക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. ഡിസംബർ 18ന് രാവിലെ 10.30ന് മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഭരണവിഭാഗം ബ്ലോക്കിലാണ് ഇന്റർവ്യൂ. യോഗ്യത: 60 ശതമാനം മാർക്കോടെയുള്ള എം.സി.എ./എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ്/ബി.ടെക് കമ്പ്യൂട്ടർ സയൻസ് ആന്റ് എൻജിനീയറിംഗ്/ബി.ടെക് ഇൻഫർമേഷൻ ടെക്നോളജി ബിരുദം അല്ലെങ്കിൽ തത്തുല്യം. നിശ്ചിത പ്രൊഫഷണൽ വൈദഗ്ധ്യം, കമ്പ്യൂട്ടർ പ്രോഗ്രാമറായി ആറുമാസത്തെ പ്രവൃത്തിപരിചയം. പ്രായം 2019 ജനുവരി ഒന്നിന് 18-36. എസ്.സി./എസ്.ടി./ഒ.ബി.സി. വിഭാഗങ്ങൾക്ക് നിയമാനുസൃത ഇളവുണ്ടായിരിക്കും. മാസം 23000 രൂപ പ്രതിഫലം ലഭിക്കും. താല്പര്യമുള്ളവർ യോഗ്യത, പ്രായം, ജാതി, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സലും സഹിതം സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം രാവിലെ ഒൻപതിന് എഡി.എ4 സെക്ഷനിൽ ഹാജരാകണം. വിശദവിവരം www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/2183/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ